പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3159 07.11.2019 ൽ മറുപടിയ്ക്ക്

**കൊച്ചി രാമേശ്വരം കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം**

**ചോദ്യം**
**ശ്രീ.ജോൺ ഫെർണാണ്ടസ്**

**മറുപടി**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ രാമേശ്വരം കോളനിയിൽ പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിൽ നേരിടുന്ന തടസ്സമെന്തെന്ന് വിശദമാക്കാമോ; | (എ) പട്ടയത്തിന് അർഹതയില്ലാത്ത നാലുപേരുടെ കാര്യത്തിൽ ഒഴികെ മറ്റു തടസ്സങ്ങളില്ലാത്തതാണ്. |
| (ബി) | ഇതു സംബന്ധിച്ച് 24.10.2013 ൽ റവന്യൂ വകുപ്പ്(എ)-ൽ നിന്നും ഇറക്കിയ 469/2013/റവന്യൂ നമ്പർ ഉത്തരവിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) നടപ്പിലാക്കിയിട്ടുണ്ട്. 236 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. 4 പേർ അർഹതയില്ലാത്തവരാണ്. |
| (സി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) യും (ഡി) യും 247 അപേക്ഷകരിൽ 236 പേർക്ക് പട്ടയം വിതരണം ചെയ്തു. 4 പേർ അർഹതിയില്ലാത്തവരാണ്. 7 അപേക്ഷകൾ പുന:പരിശോധന നടത്തി, പതിവു കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | കോളനിയിലെ എത്ര പേർക്ക് പട്ടയം കൊടുക്കാനുണ്ടെന്നും എത്ര പേർക്ക് പട്ടയം കൊടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | |
| (ഇ) | പട്ടയം ലഭിക്കാത്തവർക്ക് എപ്പോൾ പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) പുനപരിശോധന നടത്തി പതിവു കമ്മിറ്റിയുടെ അംഗീകാരത്തിനു നൽകിയിട്ടുള്ള കേസുകളിൽ പതിവു കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ